(ബി, സി) കേരളാ ഷോപ്സ് ആൻഡ് കമേഴ്സിയൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൻെറ പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി ഒരു ക്ഷേമനിധി രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ക്ഷേമനിധിയിൽ ഈ വിഭാഗം തൊഴിലാളികളെയും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഫിലിം റെപ്രസൻേറഷീവുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി

45 [2237] ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ:
,, പി. ഭാസ്കരൻ:
ശ്രീമതി റോസമ്മ ചാക്കോ:
,, എം. ടി. പത്മ:
ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഫിലിം കമ്പനികളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഫിലിം റെപ്രസൻേറഷീവുകൾക്ക് സേവനവേതന കാര്യത്തിൽ പരിരക്ഷ നൽകുന്ന വിധത്തിൽ എന്തെങ്കിലും നടപടികളെടുക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്നവരായി എത്രപേരാണ് സംസ്ഥാനത്തുള്ളത്;

(സി) ഇവർക്കായി ഒരു പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഫിലിം റെപ്രസൻേറഷീവുകളുടെ കുറഞ്ഞ കൂലി 1-7-1990-ൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ തർക്ക നിയമം സേവനക്കാര്യത്തിൽ പരിരക്ഷ ഇവർക്ക് നൽകുന്നുണ്ട്.

(ബി) കണക്ക് ശേഖരിച്ചിട്ടില്ല.

(സി) ഇവർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

തഴപ്പായ് നെയ്ത്ത് തൊഴിലാളികൾക്ക് ക്ഷേമനിധി

46 [2238] ശ്രീ. വി. കെ. രാജൻ:
,, എൻ. ശിവൻപിള്ള:
ശ്രീമതി റോസമ്മ പുന്നൂസ്:
ശ്രീ. കാനം രാജേന്ദ്രൻ:
,, സത്യൻ മൊകേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തഴപ്പായ് നെയ്ത്തു തൊഴിലാളികളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് ഗവൺമെൻറിൽനിന്നും എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നാൽ 27-1-1989-ൽ ലഭ്യമായ കണക്ക് പ്രകാരം സംസ്ഥാനത്ത് കൊട്ട, തഴപ്പായ എന്നിവ നെയ്ത് ജീവിക്കുന്ന ഏകദേശം 17,814 തൊഴിലാളികളാണ് ഉള്ളത്.

(ബി, സി) ഈ വിഭാഗം തൊഴിലാളികൾക്ക് കേരളാ ആർട്ടിസാൻസ് ആൻറ് സ്കിൽഡ് വർക്കേഴ്സ് (ഡെത്ത്-കം-റിട്ടയർമെൻറ്) ആനുകൂല്യ പദ്ധതിയിൽ അംഗത്വം സ്വീകരിച്ച് ഗുണഭോക്താക്കളാകാവുന്നതാണ്.

(ഡി) ഇവർക്കു മാത്രമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ നിർദ്ദിഷ്ട ഈറ്റ തൊഴിലാളി ക്ഷേമനിധിയിൽ ഇവരെ കൂടി അംഗങ്ങളാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി

47 [2239] ശ്രീ. ജെ. ചിത്തരഞ്ജൻ:
ശ്രീമതി റോസമ്മ പുന്നൂസ്:
ശ്രീ. വി. കെ. രാജൻ:
,, കാനം രാജേന്ദ്രൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം വിഭാഗം ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കും;

(ബി) എല്ലാ വിഭാഗം ചുമട്ടു തൊഴിലാളികൾക്കും ഈ ക്ഷേമ പദ്ധതിയുടെ ആനുകൂല്യം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥിരമായി ഒരു തൊഴിലുടമയുടെയോ കോൺട്രാക്ടറുടെയോ കീഴിലല്ലാതെ വിവിധ തൊഴിലുടമകൾക്ക് വേണ്ടി ചുമട്ടുതൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കാണ് നിലവിലുള്ള 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ നിയന്ത്രണവും ക്ഷേമവും) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

(ബി) എല്ലാ വിഭാഗം ചുമട്ടു തൊഴിലാളികളേയും നിലവിലുള്ള ക്ഷേമ പദ്ധതിയുടെ പരിധിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നല്കുക എന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly